# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3351

14-07-2015-ൽ മറുപടിക്ക്

## 'മെയ്ക്ക് ഇൻ കേരള' പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് 'മെയ്ക്ക് ഇൻ കേരള' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) കേന്ദ്ര സർക്കാർ പദ്ധതിയായ 'മെയ്ക്ക് ഇൻ ഇന്ത്യ' യുടെ ചുവട് പിടിച്ച് ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേർസ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി (FICCI), ഏർണസ്റ്റ് & യംഗ് (EY), സൊസൈറ്റി ഫോർ ഇന്റഗ്രേറ്റഡ് ഗ്രോത്ത് ഓഫ് ദ നേഷൻ (SIGN) എന്നിവയുടെ സഹകരണത്തോടെ കേരളത്തിൽ നിക്ഷേപക സമാഹരണവും സംരംഭകത്വ വികസനവും ലക്ഷ്യമിട്ട് നടപ്പാക്കുവാനുദ്ദേശിക്കുന്ന പദ്ധതിയാണ് 'മെയ്ക്ക് ഇൻ കേരള'. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;<br>(സി) വ്യവസായ സംരംഭ വളർച്ചയ്ക്ക് ഈ പദ്ധതി എത്ര മാത്രം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത് ; | (ബി) & (സി) സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ചയും, വികസനവും സാധ്യമാക്കുന്നതിനാണ് 'മേക്ക് ഇൻ കേരള' പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഇലക്ട്രോണിക് സിസ്റ്റങ്ങളും മെഷിനറിയും, ലൈറ്റ് എഞ്ചിനീയറിംഗ്, റബ്ബർ ഉൽപ്പന്നങ്ങൾ, ഭക്ഷ്യ സംസ്ക്കരണം, സുഗന്ധ വ്യഞ്ജനങ്ങൾ, കൈത്തറി ടെക്സ്റ്റൈൽ, ആയുർവേദം, കേരള ബ്രാന്റുകളുടെ പ്രോത്സാഹനം, സാങ്കേതിക വിദ്യയുടെ നവീകരണം, പ്രചാരണ പരിപാടികളുടേയും സംരംഭക സംഗമങ്ങളുടേയും സംഘാടനം, വനിതാ സംരംഭകത്വ പ്രോത്സാഹനം എന്നീ മേഖലകൾക്കാണ് ഇതിലൂടെ കൂടുതൽ പ്രാധാന്യം നൽകുവാൻ ഉദ്ദേശിക്കുന്നത്. കൂടാതെ യുവാക്കളുടേയും, വനിതകളുടെയും മറ്റ് സമൂഹത്തിലെ വിവിധ |

മേഖലകളിൽ നിന്നുമുള്ള സംരംഭകരെ സൃഷ്ടിക്കുന്നതിനും, ഇതിനു വേണ്ടിയുള്ള സംരംഭക സമ്മേളനങ്ങൾ ദേശീയ, അന്തർ ദേശീയ തലത്തിൽ സംഘടിപ്പിക്കുകയുമാണ് 'മേക്ക് ഇൻ കേരള' വഴി ലക്ഷ്യമിടുന്നത്.

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

(ഡി) 2015-2016 ലെ സംസ്ഥാന ബഡ്ജറ്റിൽ 'മെയ്ക്ക് ഇൻ കേരള' പദ്ധതിക്കായി 15 കോടി രൂപ വകയിരുത്തിയിട്ടുള്ളതായി സഭയുടെ മേശപ്പുറത്തുവച്ച രേഖയിൽ പറയുന്നുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ചർച്ച ചെയ്യുവാൻ 28/01/2015 ലും 28/04/2015 ലും വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷത യിൽ യോഗം ചേരുകയും ഈ വിഷയ ത്തിൽ സംസ്ഥാന സർക്കാരിന്റെ പൂർണ്ണ പിന്തുണ FICCI യ്ക്ക് വാഗ്ദാനം ചെയ്യുക യുമുണ്ടായി. സംസ്ഥാന സർക്കാരിന്റെ സഹായം ആവശ്യമുള്ള വിഷയങ്ങളിൽ കെ.എസ്.ഐ.ഡി.സി.യുമായും കിൻഫ്രയു മായും സഹകരിക്കുവാനും പ്രവർത്തന ങ്ങൾ ഏകോപിപ്പിക്കുവാനും FICCI യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ